milma®

# Malabar Regional Co-operative Milk Producers' Union Ltd.

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No: MRU:P&I:301:2025-26/194 | 28.06.2025

## സർക്കുലർ 1052/2025

വിഷയം :- മിൽമ കാലിത്തീറ്റ വിൽപ്പന - മേഖലാ യൂണിയന്റെ കാലിത്തീറ്റ ഡിസ്കൗണ്ട് തുടരുന്നത് സംബന്ധിച്ച്.

സൂചന :- 28.06.2025 ന് ചേർന്ന മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 8/(GEN)/5 (ബി)-ാം നമ്പർ തീരുമാനം.

മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ ക്ഷീര സംഘങ്ങളിലൂടെയും ക്ഷീരകർഷകർക്കു നൽകുന്നതിനായി, ഇൻവോയ്സ് ചെയ്യുന്ന **മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക്** 50 കിലോ ചാക്ക് ഒന്നിന് 100 രൂപ വീതം 2025 ജൂൺ മാസം 1 മുതൽ 30 വരെ നൽകിവരുന്നുണ്ട്. പ്രസ്തുത **സബ്സിഡി 2025 ജൂലൈ മാസത്തിലും** തുടരുന്നതാണ്.

ഇത് കൂടാതെ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോഗ്രാം ചാക്ക് ഒന്നിന് 100 രൂപ വീതം ഡിസ്ക്കൗണ്ട് 2025 ജൂൺ മാസത്തിൽ നൽകിയിരുന്നത് 2025 ജൂലൈ മാസത്തിലും തുടരുന്നതാണ്. ഇതുൾപ്പെടെ **2025 ജൂലൈ മാസവും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോഗ്രാം ചാക്ക് ഒന്നിന് 200 രൂപയാണ് സബ്സിഡിയായി ലഭിക്കുക എന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.**

കൂടാതെ ക്ഷീര സംഘങ്ങളിൽ നിന്നും ക്ഷീര കർഷകർ വാങ്ങുന്ന മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷന്റെ പെല്ലെറ്റ് രൂപത്തിലുള്ള **ടി.എം.ആർ കാലിത്തീറ്റയ്ക്കും, ട്രൂ മീൽ ടി.എം.ആർ.ഫീഡിനും കിലോയ്ക്ക് 1 രൂപ വീതം** നൽകി വരുന്ന സബ്സിഡി, **2025 ജൂലൈ മാസം 1 മുതൽ 31 വരെ നൽകുന്നതാണെന്നും** ഇതിനാൽ അറിയിക്കുന്നു.

**2025 ഏപ്രിൽ, മെയ് മാസങ്ങളിൽ മലബാർ മേഖലയിലെ ക്ഷീരകർഷകരിലേക്ക് 4.10 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. 2025 ജൂൺ മാസത്തിൽ നൽകി വരുന്നതും ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളതുമടക്കം ഈ സാമ്പത്തിക വർഷത്തിൽ 7.4 കോടി രൂപ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ ക്ഷീര കർഷകരിലേയ്ക്ക് എത്തിച്ചേരുമെന്നാണ് പ്രതീക്ഷിക്കുന്നത്.**

ജെയിംസ് കെ.സി.
മാനേജിംഗ് ഡയറക്ടർ

മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ് ജനറൽ മാനേജർ
ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
സീനിയർ മാനേജർ, കോഴിക്കോട്/പാലക്കാട് ഡെയറി
എല്ലാ ഡെയറി മാനേജർമാർക്കും
സി.ഇ.ഒ, എം.ആർ.ഡി.എഫ്
ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ/പി&ഐ സബ് യൂണിറ്റ് മേധാവികൾ
പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
മാനേജർ, കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ & പട്ടണക്കാട്
അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
www.mrcmpu.com/E-Stock Files